**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5903** **08-11-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ പുതിയ സംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാരിന്റെ നേതൃത്വത്തിൽ സഹകരണ സംഘങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് സഹകരണ സംഘ ങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് വിപുലമായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയിലെ 36 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘ ങ്ങൾ അംഗങ്ങളായുള്ള പാലക്കാട് പാഡി പ്രൊക്യൂർമെന്റ് പ്രോസസ്സിംഗ് & മാർക്ക റ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. പി. 1449 (PAPCOS) എന്ന സഹകരണസംഘം രൂപീകരിച്ചുകൊണ്ട് വിപുലമായ ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പാലക്കാട് ജില്ലയൊഴികെ സംസ്ഥാനം പ്രവർത്തനപരിധിയായി കോട്ടയം ജില്ല യിലെ 26 കാർഷിക വായ്പാ സഹകരണ സംഘങ്ങൾ അംഗങ്ങളായി രൂപീകരിച്ച കേരള പാഡി പ്രൊക്യൂർമെന്റ് പ്രോസ സ്സിംഗ് & മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നം. 4505 (KAPCOS) ന്റെ അധീനതയിൽ കുട്ടനാട്ടും അപ്പർ കുട്ടനാട്ടും, പാലക്കാട് റൈസ് മിൽ മാതൃകയിൽ രണ്ട് ആധുനിക റൈസ് മില്ലുകൾ സ്ഥാപിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുണ്ട്. മേൽ മാതൃകയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ട്. |
| (ബി) | വിദ്യാഭ്യാസ-ടൂറിസ- വ്യവസായ മേഖലകളിൽ സഹകരണ വകുപ്പ് വഴി കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് ഒരു സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ? | (ബി) | നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ